**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3255** 10/12/2018-ലെ മറുപടി

**എല്ലാ വിഷയങ്ങളിലും എ പ്ലസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലായി പത്താം ക്ലാസ്സ്, പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ എത്ര കുട്ടികൾക്ക് കഴിഞ്ഞ വർഷം എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലായി 2018 മാർച്ചിൽ നടന്ന പത്താം ക്ലാസ്സ് പരീക്ഷയിൽ 31,100 കുട്ടികൾക്കും, ഹയർ സെക്കണ്ടറി പരീക്ഷയിൽ 14,735 കുട്ടികൾക്കും, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 73 കുട്ടികൾക്കും മുഴുവൻ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചിട്ടുണ്ട്. |
| (ബി) എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചവരിൽ എത്ര ആൺകുട്ടികളും എത്ര പെൺകുട്ടികളും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) എസ്.എസ്.എൽ.സി. പരീക്ഷയിൽ 9,724 ആൺകുട്ടികൾക്കും, 21,376 പെൺകുട്ടികൾക്കും, ഹയർ സെക്കണ്ടറി പരീക്ഷയിൽ 3836 ആൺകുട്ടികൾക്കും, 10,899 പെൺകുട്ടികൾക്കും, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 11 ആൺകുട്ടികൾക്കും, 62 പെൺകുട്ടികൾക്കുമാണ് എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചിട്ടുള്ളത്. |
| (സി) 2017-ലെ കണക്ക് അനുസരിച്ച് എത്രയധികം കുട്ടികൾക്ക് 2018 ൽ എ പ്ലസ്സ് ലഭ്യമായിട്ടുണ്ട് എന്നറിയിക്കുമോ ? | (സി) എസ്.എസ്.എൽ.സി. പരീക്ഷയിൽ 12,642 പേർക്കും, ഹയർ സെക്കണ്ടറി പരീക്ഷയിൽ 2,967 പേർക്കും, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 33 പേർക്കും 2017 വർഷത്തേക്കാൾ 2018 ൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ